"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം - ശ്രീ. ഇക്ബാൽ സി.എച്ച് (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രേഡ്-1, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്)-ന്റെ കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.243/2022/LSGD തീയതി,തിരുവനന്തപുരം, 05-02-2022

---

പരാമർശം:-
1. 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന
3. 18.01.2021 തീയതിയിലെ സ.ഉ.(സാധാ) നം.123/2021/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.12.2021 ലെ 659/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ്, നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രേഡ്-1 ആയ ശ്രീ. ഇക്ബാൽ സി.എച്ച്-നെ പരാമർശം (3)ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന സേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. ടിയാളുടെ അന്യത്രസേവന കാലാവധി 27.01.2022ൽ അവസാനിച്ചതായും 28.01.2022 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (4) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ ഇക്ബാൽ സി.എച്ച്.-ന്റെ കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷൻ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 28.01.2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി എസ് പ്രവീൺ കുമാർ

അണ്ടർ സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ്  ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ശ്രീ. ഇക്ബാൽ.സി.എച്ച്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രേഡ്-1, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ്  ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.( ഐ.എ1/17/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ